**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 612** **11-06-2024 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ ഡി കെ മുരളി</th><th colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ വാമനപുരം മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും അതിനുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ?</td><td>(എ)</td><td>നാളിതുവരെ വാമനപുരം മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികളും അതിനുവേണ്ടി ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു :-<br><br><u>സബ്സിഡിയായി തുക അനുവദിച്ചു നടപ്പിലാക്കുന്ന പദ്ധതികൾ</u><br><br>(1). പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി - 1.07 കോടി രൂപ<br><br>(2). സംരംഭക സഹായ പദ്ധതി - 68.46 ലക്ഷം രൂപ.<br><br>(3). മാർജിൻ മണി ഗ്രാൻറ് റ്റു നാനോ യൂണിറ്റ്സ് - 17.88 ലക്ഷം രൂപ.<br><br>(4). സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി - 14.02 ലക്ഷം രൂപ.<br><br>ഒരു കുടുംബം ഒരു സംരംഭം പദ്ധതിയിലെ ഇന്ററസ്റ്റ് സബ്-വെൻഷൻ (interest subvention) ആയി 17,133 രൂപ അനുവദിച്ചിട്ടുണ്ട്.<br><br>വാമനപുരം പഞ്ചായത്ത് കേന്ദ്രമായി പ്രവർത്തിക്കുന്ന സ്കിൽ ഡെവലപ്പ്മെന്റ് മൾട്ടിപർപ്പസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നൈപുണ്യ വികസന ഫണ്ടായി 2 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>കൂടാതെ സംരംഭകത്വ ബോധവത്കരണ പരിപാടികളും സംരംഭകത്വ വികസന പരിപാടിയും തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം വഴി വാമനപുരം നിയോജക മണ്ഡലത്തിലെ സംരംഭകർക്കു വേണ്ടി സംഘടിപ്പിച്ചിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ